POLICE DEPARTMENT

KERALA

**No. E1(a)-63015/2017/T**
District Police Office,
Thiruvananthapuram Rural
sptvmrl.pol@kerala.gov.in
04712302296
Dated. 26-06-2018

**പുനർലേല പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയുടെ അധീനതയിൽ കടക്കാവൂർ പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ നിൽക്കുന്ന ഒരു മഴ മരം ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിനായി 6 തവണ ലേലം നടത്തിയെങ്കിലും വിൽപ്പന നടന്നിട്ടില്ലാത്തതാണ്. ആയതിനാൽ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ച്, 26.07.2018 തീയതി ഈ മഴമരം വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഇപ്രകാരം ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുദ്രവച്ച ക്വട്ടേഷനുകൾ നേരിട്ടോ തപാൽ മാർഗമോ 25.07.2018 തിയതി 4 മണിക്ക് മുൻപായി തിരുവനന്തപുരം റൂറൽ ജില്ല AR ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടാന്റിൻറെ ഓഫീസിൽ കിട്ടത്തക്കവണ്ണം നൽകേണ്ടതാണ്. കുറഞ്ഞത് മൂന്ന്(03) ക്വട്ടേഷനുകൾ ലഭിച്ചാൽ മാത്രമേ ലേലം സാധുവായി പ്രഖ്യാപിക്കുകയുള്ളൂ. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ 26.07.2018 തീയതി 11.00 AM ന് പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ കടക്കാവൂർ പോലീസ് സ്റ്റേഷനിൽ വച്ച് തുറക്കുന്നതും കൂടിയ തുകക്ക് ലേലം താത്കാലികമായി സ്ഥിരപെടുത്തുന്നതുമായിരിക്കും.

ഒന്നിൽ കൂടുതൽ ക്വട്ടേഷനുകളിൽ ഒരേ തുക വരികയാണെങ്കിൽ കൂടിയ തുക വിളിക്കുന്നവരുടെ പേരിൽ താൽക്കാലികമായി വിലപ്പന ഉറപ്പിക്കുന്നതാണ്. ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേല തുകയുടെ പകുതി ലേല സ്ഥലത്ത് വച്ചുതന്നെ അടക്കേണ്ടതും ബാക്കി തുകയും 18 % GST യും ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടക്കേണ്ടതുമാണ്. കൂടാതെ അപ്രകാരമുള്ള ആകെ തുകയുടെ 5% വനവികസന നികുതിയായി “0406-01-101-96-00-FDT” എന്ന ശീർഷകത്തിൽ ഡിവിഷൻ കോഡ് 2/1001 ആയി ചെല്ലാൻ വഴി ഒടുക്കേണ്ടതും. മരം സ്വന്തം ചിലവിൽ മുറിച്ചു മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലംകൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്ന്തും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല. മേൽ പറഞ്ഞ മരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കടക്കാവൂർ SHO യുടെ അനുവാദത്തോടെ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 നും 5 നും ഇടക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ല പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്

P Asok Kumar IPS
District Police Chief

E1(a)-63015/2017/T
68aa9c